**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2347** **12-02-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രം സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം (NFSA) 2013 പ്രകാരമാണ് നിലവിൽ സംസ്ഥാനത്തിന് ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ച് വരുന്നത്. പ്രസ്തുത നിയമത്തിൽ അനുശാസിക്കുന്ന നിരക്കിൽ മുൻഗണന വിഭാഗങ്ങൾക്ക് നല്കുന്നതിനായി കേന്ദ്രം ഭക്ഷ്യ ധാന്യങ്ങൾ അനുവദിക്കുന്നുണ്ട്. എന്നാൽ, മുൻഗണനേതര വിഭാഗങ്ങൾക്ക് പരിമിതമായ അളവിൽ മാത്രമാണ് അരി അനുവദിക്കുന്നത്. ഇത് വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രസർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കേന്ദ്രം സംസ്ഥാനത്തിന് അർഹതപ്പെട്ട മണ്ണെണ്ണ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം ഓരോ വർഷവും കേന്ദ്ര സർക്കാർ കുറച്ചുകൊണ്ടിരിക്കുകയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 7160 KL നോൺസബ്സിഡി മണ്ണെണ്ണയും, 15552 KL സബ്സിഡി മണ്ണെണ്ണയും അനുവദിച്ച സ്ഥാനത്ത്, 2023-24 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3300 KL നോൺസബ്സിഡി മണ്ണെണ്ണയും, 7776 KL സബ്സിഡി മണ്ണെണ്ണയും മാത്രമേ അനുവദിച്ചിട്ടുള്ളൂ. നിലവിൽ സംസ്ഥാനത്തിന് ലഭിക്കുന്ന മണ്ണെണ്ണ ഉപയോഗിച്ച്, വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് മൂന്നു മാസത്തിലൊരിക്കൽ 6 ലിറ്റർ മണ്ണെണ്ണയും, വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്ക് (എ.എ.വൈ. പ്രയോറിറ്റി വിഭാഗങ്ങൾക്ക് മാത്രം) മൂന്നു മാസത്തിലൊരിക്കൽ അര ലിറ്റർ മണ്ണെണ്ണയും നൽകി വരുന്നു. മണ്ണെണ്ണയുടെ മലിനീകരണ സ്വഭാവം, LPG ഉപഭോഗം, ഗാർഹിക വൈദ്യുതീകരണ വർദ്ധനവ് എന്നിവയാണ് മണ്ണെണ്ണ അലോട്ട്മെന്റിൽ കുറവ് വരുത്തുന്നതിന് കാരണമായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ